പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.48 27.09.2016 ലെ മറുപടിയ്ക്ക്

# സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ.ജെ. മാക്സി | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
| എ) | തൊഴിലവസരങ്ങൾ കൂടുതൽ പ്രദാനം ചെയ്യാൻ സാധ്യതയുള്ള മേഖലയെന്ന നിലയിൽ വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനായി സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ; | എ) | ഉണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, മനുഷ്യ വിഭവശേഷി വികസനം, പ്രചരണവും വിപണനവും, സ്വകാര്യമേഖലയുടെ പങ്കാളിത്തം തുടങ്ങിയ മേഖലകളിലൂടെ സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ട്. ടോയ് ലറ്റുകൾ, വിശ്രമ സൗകര്യങ്ങൾ, വാഹന പാർക്കിംഗ് സൗകര്യങ്ങൾ, സൈനേജുകൾ, ലൈറ്റുകൾ, ഭക്ഷണ പാനീയങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ, ടൂറിസ്റ്റ് കേന്ദ്രം കാണുന്നതിനും ആസ്വദിക്കുന്നതിനുമുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സർക്കാരിന്റെ മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br>നൂതനവും ശക്തവുമായ പ്രചരണ-വിപണന പദ്ധതികൾ ടൂറിസം വികസനത്തിനായി നടപ്പിലാക്കി വരുന്നു. ദേശീയ-അന്തർദേശീയ തലത്തിൽ വിവിധ ടൂറിസം മേളകളിൽ ടൂറിസം വകുപ്പ് പങ്കെടുക്കുകയും ശക്തമായ പ്രചാരണം നടത്തുകയും ചെയ്യുന്നത് വഴി കൂടുതൽ സഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ കഴിയുന്നു. നവ മാധ്യമങ്ങളായ ഡിജിറ്റൽ, ഐ.ടി തുടങ്ങിയവയുടെ എല്ലാ സാധ്യതകളും ടൂറിസം വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുന്നു.<br>ടൂറിസം രംഗത്ത് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി മികച്ച മനുഷ്യ വിഭവശേഷി വികസന സ്ഥാപനങ്ങൾ വകുപ്പിന്റെ കീഴിൽ |

(....2)

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്. ടൂറിസം വികസനത്തിന് സ്വകാര്യമേഖലയുടെ സംഭാവന എടുത്തു പറയേണ്ടതാണ്. ഈ രംഗത്തെ വളർച്ചയ്ക്കായി സ്വകാര്യ മേഖല കൂടുതൽ പണം മുടക്കുന്നതിനായുള്ള നിരവധി പ്രോത്സാഹന പദ്ധതികളും, പ്രചരണ പദ്ധതികളും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. |
| ബി) | വിദേശ വിനോദ സഞ്ചാര വിപണിയിൽ കേരള ടൂറിസത്തിന്റെ സാധ്യതകൾ അവതരിപ്പിച്ച് ടൂറിസം വികസനത്തിനായുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ; | ബി) | ഉണ്ട്. നിരവധി രാജ്യാന്തര ടൂറിസം മേളകളിൽ കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ അവതരിപ്പിച്ചുകൊണ്ട് പ്രത്യേക പവലിയനുകൾ, പ്രചരണ സ്റ്റാളുകൾ, റോഡ് ഷോകൾ തുടങ്ങിയവയിൽ വകുപ്പ് പങ്കെടുത്തു വരുന്നു. ടൂറിസം രംഗത്തെ പ്രിന്റ്, ഇലക്ട്രോണിക് മാധ്യമങ്ങളിൽ കേരളത്തിന്റെ വിനോദസഞ്ചാര സാധ്യത അറിയിച്ചുകൊണ്ട് പരസ്യം നൽകാറുണ്ട്. വിദേശ ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജൻസികൾ, ട്രാവൽ റൈറ്റേഴ്സ് എന്നിവർക്കെല്ലാം കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പരിചയപ്പെടുത്തുന്ന പരിപാടികൾ നടത്തിവരുന്നു. |
| സി) | സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും അവ മാലിന്യമുക്തമായി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | ഉണ്ട്. സംസ്ഥാനത്തെ നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ വികസിപ്പിക്കുന്നതിനും പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും പദ്ധതികളുണ്ട്.<br>കേരളത്തിലെ വിനോദസഞ്ചാര സീസണെ വരവേൽക്കുന്നതിന്റെ ഭാഗമായി വിവിധ ഏജൻസികളുടെ കൂട്ടായ്മയിലൂടെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന ഗ്രീൻ കാർപറ്റ് പദ്ധതിയും ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്.<br>കേരളത്തിലെ വിനോദസഞ്ചാര മേഖലകൾ വൃത്തിയായി പരിപാലിക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ നിയന്ത്രണത്തിനുമായി സമഗ്ര പദ്ധതി ടൂറിസം വകുപ്പ്, ഡി.റ്റി.പി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്, എൻ.ജി.ഒ കൾ എന്നിവ മുഖാന്തിരം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ